**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 802 **1.03.2017-** ലെ മറുപടിക്ക്

**<u>സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പദ്ധതിക്കായി അനുവദിച്ച തുക എത്രയാണ്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; തുക ചെലവഴിക്കാൻ ചുമതലപ്പെട്ട ഏജൻസി ഏതാണ്; പദ്ധതി നടത്തിപ്പിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് 216 കോളനികളെ സ്വയം പര്യാപ്ത ഗ്രാമങ്ങളായി തെരെഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയതിൽ 37 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്കായി ഇതേ വരെ 138,34,93,473/- രൂപ ചെലവഴിച്ചിട്ടുണ്ട്. FIT, SIDCO, KLDC, KAICO, KSHB, KPHCC, KSN IK, DNK, KEL, KITCO എന്നിവയാണ് തുക ചെലവഴിക്കാൻ ചുമതലപ്പെട്ട ഏജൻസികൾ. പദ്ധതി നടത്തിപ്പിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനായി ഏറ്റെടുത്ത മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസികളുടെ അവലോകന യോഗം വിളിച്ചുചേർത്ത് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | രണ്ട് പട്ടികജാതി ഗ്രാമങ്ങൾ നവീകരിക്കുന്ന മാതൃക ഗ്രാമ പദ്ധതിയുടെ ഈ വർഷത്തെ അവസ്ഥ എന്താണ്; വകുപ്പുതല ഏകോപനം കാര്യക്ഷമമാണോ; മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്താൻ കഴിയുന്നുണ്ടോ ; വിശദമാക്കുമോ ? | (ബി) | ഒരു നിയോജകമണ്ഡലത്തിലെ രണ്ട് പട്ടികജാതി ഗ്രാമങ്ങൾ നവീകരിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ